**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 156** **14-10-2024 - ൽ മറുപടിയ്ക്ക്**

**മധ്യവയസ്കരിലും യുവാക്കളിലും പെട്ടെന്നുണ്ടാകുന്ന മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മധ്യവയസ്കരിലും യുവാക്കളിലും പെട്ടെന്നുണ്ടാകുന്ന മരണങ്ങളുടെ നിരക്ക് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കോവിഡിന് ശേഷം മധ്യവയസ്കരിലും യുവാക്കളിലും ഹൃദയസ്തംഭനവും കുഴഞ്ഞു വീണുള്ള മരണവും ഉണ്ടായതായി ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നുള്ള പഠനങ്ങൾ സൂചിപ്പിക്കുന്നു. എന്നാൽ മധ്യവയസ്കരിലും യുവാക്കളിലും ഉണ്ടാകുന്ന മരണങ്ങൾ കോവിഡിന്റെ സങ്കീർണ്ണതകൾ കൊണ്ട് സംഭവിച്ചതാണ് എന്ന് തെളിയിക്കുന്നതിനായി ആഗോളതലത്തിൽ തന്നെ ഗവേഷണ ഫലങ്ങൾ ഒന്നും ഉണ്ടായിട്ടില്ല.** |
| (ബി) | ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കണ്ടെത്തലുകൾ എന്തൊക്കെയെന്ന് അറിയിക്കുമോ? | (ബി) | ഐ.സി.എം.ആർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപിഡെമിയോളജി ഇത്തരത്തിലുള്ള ഏഴായിരത്തിൽ അധികം ആളുകളിൽ നടത്തിയിട്ടുള്ള പഠനങ്ങൾ കാണിക്കുന്നത് നേരത്തെ കണ്ടെത്താത്തതോ കണ്ടെത്തിയതോ ആയ ജീവിതശൈലി രോഗങ്ങൾ, പൊണ്ണത്തടി, പുകവലി തുടങ്ങിയവയാണ് മധ്യവയസ്കരിലും യുവാക്കളിലും പെട്ടെന്ന് ഉണ്ടാകുന്ന മരണത്തിന് കാരണമാകുന്നത് എന്നാണ്. |

സെക്ഷൻ ഓഫീസർ